# നീരയുടെ പേരിൽ വെറുതേ ഒരു വിവാദം

ടി.കെ.സുനിൽകുമാർ

കൊച്ചി: നീര ഉത്പാദനത്തിന് സർക്കാർ പുറപ്പെടുവിച്ച പുതിയ ചട്ടങ്ങളിൽ തെറ്റിദ്ധാരണയ്ക്ക് കാരണമായ ഭാഗം പരിഷ്കരിക്കും.

നീര ഉത്പാദനത്തിനുള്ള അവസാന കടമ്പയായിരുന്ന അബ്കാരി നിയമത്തിലെ 1931 ലെ സ്വീറ്റ് ടോഡി റൂളിനു പകരമുള്ള കേരള സ്വീറ്റ് ടോഡി (നീര) റൂൾ 2014 കഴിഞ്ഞയാഴ്ചയാണ് നിലവിൽ വന്നത്. ഇതുപ്രകാരം ഒരു കർഷകന് 20 തെങ്ങുമാത്രമേ ചെത്താനാവൂ എന്നാണ് ചിലരുടെ പ്രചാരണം. അതു ശരിയല്ല. 100 തെങ്ങിൽ നിന്ന് നീരയെടുക്കണമെങ്കിൽ അഞ്ച് ചെത്തുകാർ വേണമെന്നേയുള്ളൂ. തെറ്റിദ്ധാരണയ്ക്ക് കാരണമായ ഭാഗം പരിഷ്കരിക്കാനൊരുങ്ങുകയാണ് എക്സൈസ് വകുപ്പ്. അപേക്ഷകൻ എന്ന വാക്ക് നിർവചിച്ചപ്പോൾ നീര ഉത്പാദകരും ചെത്തുകാരും തമ്മിൽ ആശയക്കുഴപ്പമുണ്ടായതാണ് പ്രശ്നമായത്.

പുതിയ ചട്ടങ്ങൾക്കെതിരെ ദുഷ്പ്രചാരണങ്ങളുമായി ചിലർ ശക്തമായി രംഗത്തുണ്ട്. കള്ള് ചെത്തുകാർക്ക് തന്നെ നീര ചെത്തുന്നതിന് മുൻഗണന നൽകിയതിലും കർശന നിയന്ത്രണങ്ങളിലും പ്രതിഷേധിച്ച് കോട്ടയം ആസ്ഥാനമായ കർഷക സംഘടനകളുടെ ലോബിയാണ് ഈ നീക്കത്തിന് പിന്നിലെന്ന് ആക്ഷേപമുണ്ട്. ഒരു നിയന്ത്രണവുമില്ലാതെ തെങ്ങുകൾ ചെത്താൻ നൽകണമെന്നും നീരയെ അബ്കാരി നിയമത്തിൽ നിന്ന് ഒഴിവാക്കണമെന്നുമാണ് ഇവരുടെ പ്രഖ്യാപിത നിലപാട്. എക്സൈസ് വകുപ്പ് എതിർത്തിട്ടും പുതിയ റൂളിൽ ഇതെല്ലാം നേടിയെടുക്കാനാവുമെന്നായിരുന്നു ഇവരുടെ പ്രതീക്ഷ. സർക്കാർ സ്ഥാപനങ്ങളായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപറേഷൻ എന്നിവയ്ക്ക് കൂടി നീര ഉത്പാദനത്തിന് അനുമതി നൽകിയതിനെയും ഇവർ വിമർശിക്കുന്നു. നീര ചെത്തുന്നവർ ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കണമെന്ന നിർദ്ദേശവും അംഗീകരിക്കുന്നില്ല. പുതുതായി അനുമതി ലഭിച്ച നാളികേര കർഷക സംഘങ്ങളും സമിതികളും സ്വകാര്യ സംഘങ്ങളാണ്. ഇവയിലൊന്നു പോലും സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തതല്ല.

## ആക്ടിൽ നിന്നൊഴിവാക്കുന്നത് അപകടം

നീര കള്ളായി മാറാൻ മണിക്കൂറുകൾ പോലും വേണ്ട. അതുകൊണ്ട് തന്നെ ലൈസൻസില്ലാതെ നീര ചെത്താൻ അനുവദിക്കുന്നതും അബ്കാരി ആക്ടിൽ നിന്ന് മുക്തമാക്കുന്നതും അപകടകരമാണെന്നാണ് എക്സൈസ് വകുപ്പിന്റെ നിലപാട്.

## ആരോപണം കാര്യമറിയാതെ: മന്ത്രി

അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനും കോക്കനട്ട് ഡെവലപ്മെന്റ് കോർപറേഷനും നീര ഉത്പാദനത്തിന് അനുമതി നൽകിയത് കൃഷി വകുപ്പ് ആവശ്യപ്പെട്ടതു പ്രകാരമാണെന്ന് എക്സൈസ് മന്ത്രി കെ. ബാബു പറഞ്ഞു. അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾക്ക് പിന്നിൽ സ്വാർത്ഥ താത്പര്യങ്ങളാണ്. കർഷക താത്പര്യങ്ങളല്ല.